# കേരള കാർഷിക സർവ്വകലാശാല


**കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗം, ഹോർട്ടികൾച്ചർ കോളേജ്, വെള്ളാനിക്കര.**

**കാർഷിക നിർദ്ദേശക ബുള്ളറ്റിൻ**

(ടെലിഫോൺ: 04872371931)

**തൃശ്ശൂർ**

**E mail: kauagmet@yahoo.co.in**


**കേരള കാർഷിക സർവ്വകലാശാല കാർഷിക കാലാവസ്ഥാ ശാസ്ത്ര പഠന വിഭാഗത്തിന്റെയും, ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെയും, കേരള കൃഷിവകുപ്പിന്റെയും സഹകരണത്തോടെ തയ്യാറാക്കുന്നത്.**

**എ.എഎസ് 28/15, ചൊവ്വാഴ്ച** **തീയ്യതി 07.07.2015**

**കഴിഞ്ഞ ആഴ്ചയിലെ അന്തരീക്ഷസ്ഥിതി**: കഴിഞ്ഞ ആഴ്ച്ച വെള്ളാനിക്കരയിൽ 69.9 മില്ലി.മീറ്റർ മഴ ലഭിച്ചു. ഏറ്റവും ഉയർന്നതാപനില 31.2 മുതൽ 32.5 ഡിഗ്രി സെൽഷ്യസും ഏറ്റവും കുറഞ്ഞതാപനില 23.1 മുതൽ 24.3 ഡിഗ്രി സെൽഷ്യസും, രാവിലത്തെ അന്തരീക്ഷ ആർദ്രത 92 മുതൽ 96 ശതമാനം വരെയും, ഉച്ചത്തെ അന്തരീക്ഷ ആർദ്രത 64 മുതൽ 91 ശതമാനം വരെയും ആയിരുന്നു. കാറ്റിന്റെ വേഗത മണിക്കൂറിൽ 04 മുതൽ 08 കിലോമീറ്ററും, സൂര്യ പ്രകാശത്തിന്റെ അളവ് ദിനംപ്രതി 1.5 മുതൽ 9.4 മണിക്കൂറും ബാഷ്പീകരണം ദിനം പ്രതി 2.4 മുതൽ 4.5 മില്ലി.മീറ്റർ വരെയും ആയിരുന്നു.

**അടുത്ത 5 ദിവസത്തേക്കുള്ള കാലാവസ്ഥാ പ്രവചനം:**

| കാലാവസ്ഥാ ഘടകങ്ങൾ | 08.07.2015 | 09.07.2015 | 10.07.2015 | 11.07..2015 | 12.07.2015 |
|---|---|---|---|---|---|
| മഴ (മില്ലി.മീറ്റർ) | 6 | 9 | 23 | 44 | 19 |
| ഉയർന്ന താപനില (°C) | 31 | 31 | 31 | 31 | 31 |
| കുറഞ്ഞ താപനില (°C) | 23 | 23 | 23 | 23 | 23 |
| മേഘവ്യാപ്തി (ഒക്ട) | 5 | 5 | 7 | 8 | 6 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 87 | 87 | 87 | 87 | 87 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 75 | 75 | 75 | 75 | 75 |
| കാറ്റിന്റെവേഗത (കിലോമീറ്റർ/ മണിക്കൂർ) | 010 | 010 | 010 | 010 | 010 |
| കാറ്റിന്റെ ദിശ (ഡിഗ്രി) | 250 | 250 | 250 | 250 | 250 |

**കാർഷിക നിർദ്ദേശങ്ങൾ:**

| വിളകൾ | വളർച്ചാഘട്ടം/രോഗ കീടങ്ങൾ | കാർഷിക നിർദ്ദേശങ്ങൾ |
|---|---|---|
| തെങ്ങ് | മഹാളി | മഴക്കാലത്ത് തെങ്ങിൽ മഹാളി രോഗം വരാൻ സാധ്യതയുണ്ട്. മച്ചിങ്ങ കൊഴിയുന്നതാണ് രോഗലക്ഷണം. 1% വീര്യമുള്ള ബോർഡോ മിശ്രിതം തളിക്കുക. |
| ജാതി | കായ്ചീയൽ | മഴക്കാലത്ത് കായ്ചീയൽ രോഗം വരാൻ സാധ്യത കൂടുതലാണ്. ഇത് തടയുവാൻ 1% വീര്യമുള്ള ബോർഡോ മിശ്രിതം തളിക്കുക. ബോറോണിന്റെയും പൊട്ടാസ്യത്തിന്റെയും അഭാവം മൂലം ജാതിയിൽ മുപ്പെത്തുന്നതിനു മുൻപ് കായ്കൾ വിണ്ടുപൊട്ടി പൊഴിയുന്നതിനും സാധ്യതയുണ്ട്. |
| പച്ചക്കറികൾ | ഇലതീനിപ്പുഴു | ഇലതീനിപ്പുഴുവിന്റെ ആക്രമണം തടയാൻ പുകയിലക്ഷായം തളിക്കുക. |
| ഇഞ്ചി, മഞ്ഞൾ | മൂടു ചീയൽ | തടത്തിൽ കാണുന്ന അഴുകുന്ന മൂട് പിഴുതെടുത്ത് കത്തിക്കുകയും അവ നിന്ന ഭാഗം 1% ബോർഡോ മിശ്രിതം കൊണ്ട് കുതിർക്കുകയും ചെയ്യുക. അല്ലെങ്കിൽ ട്രൈക്കോഡർമ, സ്യൂഡോമോണാസ് കൾച്ചറുകളിൽ ഏതെങ്കിലും ഒന്ന് ചേർക്കുക. |

**പുകയിലകഷായം തയ്യാറാക്കുന്ന വിധം :**

അര കിലോഗ്രാം പുകയിലയോ, പുകയില ഞെട്ടോ ചെറുതായി അരിഞ്ഞ് 4.5 ലിററർ വെള്ളത്തിൽ ഒരു ദിവസം മുക്കി വയ്ക്കുക. പിന്നീട് പിഴിഞ്ഞെടുത്ത് ചണ്ടിമാററുക. ഇപ്രകാരം ലഭിച്ച പുകയിലച്ചാറിൽ 120 ഗ്രാം ബാർ സോപ്പ് ചെറുതായി അരിഞ്ഞ് അര ലിററർ വെള്ളത്തിൽ ലയിപ്പിച്ച് എടുത്ത ലായനി ചേർത്ത് നന്നായി ഇളക്കുക. ഈ പുകയിലകഷായം 6 മുതൽ 7 ഇരട്ടി വരെ വെള്ളം ചേർത്ത് തളിക്കുക.